2024
JULY
04
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

E-mail: societytodaynews@gmail.com

# വിദേശ സ്വർണ ശേഖരം കുറയ്ക്കാൻ ആർബിഐ



**കൊച്ചി:** വിദേശത്ത് സൂക്ഷിക്കുന്ന സ്വർണത്തിൻറെ അളവ് റിസർവ് ബാങ്ക് കുത്തനെ കുറയ്ക്കുന്നു. ആഭ്യന്തര സ്വർണ ശേഖരം കുത്തനെ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് വിദേശത്ത് നിന്നും സ്വർണം ഇന്ത്യയിലേക്ക് മടക്കി കൊണ്ടുവരുന്നതിനാണ് റിസർവ് ബാങ്ക് ശ്രദ്ധയൂന്നുന്നത്. കഴിഞ്ഞ മാസം യുകെയിൽ നിന്ന് 100 ടൺ സ്വർണം റിസർവ് ബാങ്ക് ഇന്ത്യയിലേക്ക് കൊണ്ടുവന്നിരുന്നു. നിലവിൽ മൊത്തം സ്വർണ ശേഖരത്തിൻറെ 47 ശതമാനം മാത്രമാണ് വിദേശത്തുള്ളത്. റഷ്യയും യുക്രെയ്നുമായുള്ള യുദ്ധം ആരംഭിച്ച 2022ന് ശേഷമാണ് റിസർവ് ബാങ്ക് വിദേശത്ത് സൂക്ഷിച്ചിരുന്ന സ്വർണം നാട്ടിലേക്ക് കൊണ്ടുവരാൻ തുടങ്ങിയത്. യുദ്ധത്തിൻറെ പശ്ചാത്തലത്തിൽ റഷ്യയുടെ വിദേശ നാണയ ശേഖരം അമെരിക്ക മരവിപ്പിച്ചതോടെ വിദേശത്ത് സ്വർണം ഉൾപ്പെടെയുള്ള ആസ്തികൾ സൂക്ഷിക്കാൻ കേന്ദ്ര ബാങ്കുകൾ മടിക്കുകയാണ്. മാർച്ച് 31 വരെയുള്ള കണക്കുകൾ അനുസരിച്ച് റിസർവ് ബാങ്കിൻറെ കൈവശം 822.1 ടൺ സ്വർണമാണുള്ളത്. രണ്ട് വർഷത്തിനുള്ളിൽ ഇന്ത്യയിൽ സൂക്ഷിക്കുന്ന സ്വർണ ശേഖരത്തിൻറെ അളവ് 39 ശതമാനത്തിൽ നിന്ന് 53 ശതമാനമായാണ് ഉയർന്നത്.

ഇതിനിടെ വിദേശ നാണയ ശേഖരം വൈവിധ്യവത്കരിക്കുന്നതിൻറെ ഭാഗമായി റിസർവ് ബാങ്ക് വൻതോതിൽ സ്വർണം വാങ്ങിക്കൂട്ടുന്നു. ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസക്കാലയളവിൽ 19 ടൺ സ്വർണമാണ് റിസർവ് ബാങ്ക് വാങ്ങിയത്.

കഴിഞ്ഞ വർഷം സ്വർണ ശേഖരത്തിൽ 16 ടണ്ണിൻറെ വർധനയുണ്ട്. നാണയപ്പെരുപ്പം കുതിച്ചുയരുന്നതിനാൽ ഏതൊരു അടിയന്തര സാഹചര്യങ്ങളെയും നേരിടാൻ ഇതിലൂടെ കഴിയുമെന്ന് വിലയിരുത്തുന്നു.

ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളറിൻറെ മൂല്യത്തിലുണ്ടാകുന്ന ചാഞ്ചാട്ടവും സ്വർണത്തിന് പ്രിയം കൂട്ടുകയാണ്.

## ദ്വിദിന സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ കേരളത്തിലേക്ക്



**തിരുവനന്തപുരം:** ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ജൂലൈ ആറിന് തിരുവനന്തപുരത്തെത്തും. ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയിലെ പന്ത്രണ്ടാമത് കോൺവൊക്കേഷനിൽ മുഖ്യാതിഥിയായി പങ്കെടുക്കാനാണ് ഉപരാഷ്ട്രപതി എത്തുന്നത്. ഭാര്യ സുധേഷ് ധൻകറും അദ്ദേഹത്തിനൊപ്പമുണ്ടാവും.

ശനിയാഴ്ച രാവിലെ 10.55 ന് വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന ഉപരാഷ്ട്രപതി സംസ്ഥാന സർക്കാറിന്റെ ഔദ്യോഗിക സ്വീകരണത്തിന് ശേഷം വലിയമലയിലെ ഐഐഎസ്ടിയിൽ 11.30 ന് നടക്കുന്ന ബിരുദദാന ചടങ്ങിൽ പങ്കെടുക്കാനായി പോകും.

ഇതിനു ശേഷം മൂന്ന് മണിയോടെ ഹെലികോപ്റ്ററിൽ കൊല്ലത്തേക്ക് തിരിക്കും. ഞായറാഴ്ച രാവിലെ 9.45 ഓടെ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് ഡൽഹിക്ക് മടങ്ങും.

## നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ച; മുഖ്യസൂത്രധാരൻ അറസ്റ്റിൽ

**റാഞ്ചി:** നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ചയുടെ മുഖ്യസൂത്രധാരനെ ജാർഖണ്ഡിലെ ഹസാരിബാഗിൽനിന്ന് സിബിഐ അറസ്റ്റു ചെയ്തു. അമൻ സിങാണ് സിബിഐയുടെ പിടിയിലായത്. കേസുമായി ബന്ധപ്പെട്ട് സിബിഐയുടെ ഏഴാമത്തെ അറസ്റ്റാണിത്.

ഗുജറാത്തിലെ ഗോധ്രയിൽനിന്ന് ഒരു സ്വകാര്യ സ്കൂൾ ഉടമയെ ഞായറാഴ്ച സിബിഐ അറസ്റ്റു ചെയ്തിരുന്നു. ജയ് ജലറാം സ്കൂളുടമ ദീക്ഷിത് പട്ടേലാണ് അറസ്റ്റിലായത്. പരീക്ഷയിൽ കൃത്രിമം നടത്താൻ വിദ്യാർഥികളിൽനിന്ന് 5 മുതൽ 10 ലക്ഷംരൂപ വരെ ഇയാൾ ആവശ്യപ്പെട്ടുവെന്നാണ് സിബിഐ കണ്ടെത്തൽ.

നീറ്റ് പരീക്ഷാക്രമക്കേടിൽ ജൂൺ 23നാണ് സിബിഐ കേസെടുക്കുന്നത്. ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ബിഹാർ, മഹാരാഷ്ട്ര, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലാണ് അന്വേഷണം. നീറ്റ് യുജി ചോദ്യക്കടലാസ് ചോർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ പരാതിയിലാണ് സിബിഐ കേസെടുത്തത്.

നാഷനൽ ടെസ്റ്റിങ് ഏജൻസി മെയ് 5ന് നടത്തിയ പരീക്ഷയെഴുതിയത് 23 ലക്ഷംപേരാണ്. ജൂൺ നാലിന് ഫലം പ്രഖ്യാപിച്ചതിനു പിന്നാലേ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച ആരോപണങ്ങൾ ഉയരുകയായിരുന്നു.

## അവയവ കച്ചവടത്തിനായി ഇറാനിലേക്ക് മനുഷ്യക്കടത്ത്;

# അന്വേഷണം എൻഐഎ ഏറ്റെടുത്തു




**കൊച്ചി:** അവയവ കച്ചവടത്തിനായി ഇറാനിലേക്ക് മനുഷ്യക്കടത്ത് നടത്തിയ സംഭവത്തിൽ അന്വേഷണം എൻഐഎ ഏറ്റെടുത്തു. കേസ് അന്വേഷണം ഏറ്റെടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്ന് അനുമതി ലഭിച്ചതോടെ കൊച്ചിയിലെ എൻഐഎ കോടതിയിൽ എഫ്ഐആർ സമർപ്പിച്ചു. രാജ്യാന്തര മാനങ്ങളുള്ള ഈ കേസ് എൻഐഎ ഏറ്റെടുത്തേക്കുമെന്ന് നേരത്തെ തന്നെ സൂചനകളുണ്ടായിരുന്നു. നിലവിൽ ആലുവ റൂറൽ പൊലീസിന്റെ പ്രത്യേക സംഘത്തിനാണ് അന്വേഷണത്തിന്റെ ചുമതല.

കേസിൽ ഇതുവരെ 3 പ്രതികൾ അറസ്റ്റിലായിട്ടുണ്ട്. ഒന്നാം പ്രതി ഇറാനിലുള്ള കൊച്ചി സ്വദേശി മധു ജയകുമാറിനെ നാട്ടിലെത്തിക്കാനായുള്ള ശ്രമങ്ങൾ തുടരുന്നതിനിടെയാണ് എൻഐഎ കേസ് ഏറ്റെടുത്തിരിക്കുന്നത്. തൃശൂർ സ്വദേശി സാബിത് നാസറാണ് കേസിൽ ആദ്യം പിടിയിലാകുന്നത്. മുംബൈയിൽ അറസ്റ്റിലായ മനുഷ്യക്കടത്തുകാരനിൽ നിന്നാണ് സാബിത്തിനെ കുറിച്ച് അന്വേഷണ ഏജൻസികൾക്ക് ആദ്യം വിവരം കിട്ടുന്നത്. നിരന്തരം കൊച്ചി, കുവൈത്ത്, ഇറാൻ റൂട്ടിലായിരുന്നു സാബിത്തിന്റെ യാത്ര. വൃക്ക നൽകാൻ തയാറാകുന്നവരെ കണ്ടെത്തി അവരെ ഇറാനിലും തിരികെയും എത്തിക്കുക എന്നതായിരുന്നു ഇയാളുടെ ജോലി.

വൃക്ക നൽകുന്നത് നിയമപരമാണെന്ന് വിശ്വസിപ്പിച്ച് വ്യാജരേഖകൾ തയാറാക്കിയായിരുന്നു ആളുകളെ ഇറാനിലേക്ക് കൊണ്ടുപോയിരുന്നത്. വൃക്ക നൽകിക്കഴിഞ്ഞാൽ 6 ലക്ഷം രൂപയോളമാണ് ഇവർക്ക് നൽകുക. എന്നാൽ വൃക്ക സ്വീകരിക്കുന്നവരിൽ നിന്ന് 1 കോടി രൂപ വരെ ഇവർ ഈടാക്കിയിരുന്നു. ഹൈദരാബാദ് കേന്ദ്രീകരിച്ചായിരുന്നു സംഘത്തിന്റെ പ്രധാന പ്രവർത്തനം. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും ആളുകളെ ഇത്തരത്തിൽ ഇറാനിലെത്തിച്ചിട്ടുണ്ട്. പാലക്കാട് സ്വദേശിയായ ഷെമീറും ഇത്തരത്തിൽ വൃക്ക നൽകിയിട്ടുണ്ടെങ്കിലും ഇയാളെ ഇതുവരെ കണ്ടെത്താനായിട്ടില്ല. ഇതിനു പിന്നാലെയാണ് അവയവക്കടത്തിലെ മുഖ്യസൂത്രധാരനെന്നു കരുതപ്പെടുന്ന ഹൈദരാബാദ് സ്വദേശി ബെല്ലംകൊണ്ട രാമപ്രസാദിനെ അന്വേഷക സംഘം അറസ്റ്റ് ചെയ്യുന്നത്. ഇവരുടെ പണം കൈകാര്യം ചെയ്തിരുന്നു എന്ന് കരുതപ്പെടുന്ന കൊച്ചി സ്വദേശിയും മധുവിന്റെ സുഹൃത്തുമായ സജിത് ശ്യാമിനേയും പിന്നാലെ അറസ്റ്റ് ചെയ്തു. അതേ സമയം, സജിത് ശ്യാമിന്റെ ജാമ്യാപേക്ഷ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഗുരുതരമായ കേസ് ആണിതെന്ന് വ്യക്തമാക്കിയാണ് കോടതി ഇതിൽ തീരുമാനമെടുക്കുന്നത് മാറ്റിവച്ചത്.

താൻ നിരപരാധിയാണ് എന്നാണ് സജിത്തിന്റെ വാദം. മെഡിക്കൽ ടൂറിസം ബിസിനസ് ചെയ്യുന്ന തനിക്ക് ചില ഇടപാടുകാരിൽ നിന്ന് സാങ്കേതിക പ്രശ്നം മൂലം പണം സ്വീകരിക്കാൻ കഴിയാത്തതിനാൽ ആ പണം തന്റെ അക്കൗണ്ടിൽ സ്വീകരിച്ച് മധുവിന്റെ 'സ്റ്റെമ്മ ക്ലബി'ന്റെ അക്കൗണ്ടിലേക്ക് അയച്ചു എന്നതു മാത്രമാണ് താൻ ചെയ്തത് എന്നും താൻ ഇതിൽ നിന്ന് പണമൊന്നും ഈടാക്കിയിട്ടില്ല എന്നുമാണ് സജിത്തിന്റെ വാദം.

സൊസൈറ്റി ടുഡേ
SOCIETY TODAY



ശ്രീമദ് നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരജേതാക്കൾ : ഗിരിജാ രാജൻ(ചെറായി, എറണാകുളം), ജി മീന (വട്ടിയൂർക്കാവ്,തിരുവനന്തപുരം), ടി പി സുമംഗല (കൂറ്റനാട്,പാലക്കാട്), മംഗളം രാമസ്വാമി (ശ്രീവരാഹം, തിരുവനന്തപുരം), ഡോ. കെ വി സരസ്വതി (ഇരുമ്പു പാലം, ആലപ്പുഴ), കരിയം സോമശേഖരൻ (ചെമ്പഴന്തി, തിരുവനന്തപുരം), കെ എസ് വിജയലക്ഷ്മി (റാന്നി, പത്തനംതിട്ട), ടി എൻ സരസ്വതിയമ്മ (കൊടുങ്ങൂർ, കോട്ടയം), സുമതി ആർ നായർ (അന്നമനട, തൃശൂർ), ഉത്തമ കെ നമ്പൂതിരി(തൃക്കാരിയൂർ, എറണാകുളം), രമാദേവി (പടിഞ്ഞാറേക്കര, വൈയ്ക്കം), പത്മകുമാരി (പാൽക്കുളങ്ങര, തിരുവനന്തപുരം), ഗീത ഒ നായർ (തിരുവനന്തപുരം), വനജ മോഹനൻ (തൃക്കാക്കര, എറണാകുളം)

# 14 പേർക്ക് ശ്രീമദ്നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം

**കൊച്ചി :** അഖില ഭാരത നാരായണീയ മഹോത്സവ സമിതിയും പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റും സംയുക്തമായി ഏർപ്പെടുത്തിയ ശ്രീമദ് നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരത്തിന് 14 പേർ അർഹരായതായി പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റി ആർ നാരായണ പിള്ള അറിയിച്ചു. ഗിരിജാ രാജൻ(ചെറായി, എറണാകുളം), ജി. മീന (വട്ടിയൂർക്കാവ്,തിരുവനന്തപുരം), ടി പി സുമംഗല (കൂറ്റനാട്,പാലക്കാട്), മംഗളം രാമസ്വാമി (ശ്രീവരാഹം, തിരുവനന്തപുരം), ഡോ. കെ വി സരസ്വതി (ഇരുമ്പു പാലം, ആലപ്പുഴ), കരിയം സോമശേഖരൻ (ചെമ്പഴന്തി, തിരുവനന്തപുരം), കെ എസ് വിജയലക്ഷ്മി (റാന്നി, പത്തനംതിട്ട), ടി എൻ സരസ്വതി (കൊടുങ്ങൂർ, കോട്ടയം), സുമതി ആർ നായർ (അന്നമനട, തൃശൂർ), ഉത്തമ കെ നമ്പൂതിരി(തൃക്കാരിയൂർ, എറണാകുളം), രമാദേവി (പടിഞ്ഞാറേക്കര, വൈയ്ക്കം), പത്മകുമാരി (പാൽക്കുളങ്ങര, തിരുവനന്തപുരം), ഗീത ഒ നായർ (തിരുവനന്തപുരം), വനജ മോഹനൻ (തൃക്കാക്കര, എറണാകുളം) എന്നിവരാണ് പുരസ്ക്കാരത്തിന് അർഹരായത്. രണ്ടു ലക്ഷം നാരായണീയ പഠിതാക്കളുടെ അഭിപ്രായ സർവ്വേയിലൂടെയും ' സാന്ദ്രാനന്ദം ' ഉപന്യാസ മൽസരത്തിലൂടെയുമാണ് പുരസ്ക്കാര ജേതാക്കളെ തിരഞ്ഞെടുത്തതെന്നും ആർ നാരായണ പിള്ള പറഞ്ഞു.

# കൊച്ചി മെട്രോ: രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു

**കൊച്ചി:** കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട വയഡക്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. വയഡക്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികളുടെ ഭാഗമായുള്ള ടെസ്റ്റ് പൈലിങ് ഇന്നലെ കാക്കനാട് കുന്നുംപുറത്തു ആരംഭിച്ചു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ലോക് നാഥ് ബെഹ്റ, റിട്ട.ഐ പി എസ്, പ്രൊജക്റ്റ് ഡയറക്ടർ ഡോ. എം പി രാംനവാസ്, സിസ്റ്റം ഡയറക്ടർ സഞ്ജയ് കുമാർ, ഫിനാൻസ് ഡയറക്ടർ അന്നപൂർണ്ണി എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ പ്ലാനിംഗ് ആൻഡ് പ്രോജെക്ടസ് വിനു സി കോശി, കൊച്ചി മെട്രോ എൻജിനീയർമാർ, ഉദ്യോഗസ്ഥർ, ജനറൽ കൺസൾട്ടന്റ് സിസ്ട്രയുടെ ഉദ്യോഗസ്ഥർ,അഫ്കോൺസ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു. 1957.05 കോടി രൂപയാണ് കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി തുക. 11.2 കി മീ നീളത്തിലുള്ള വയഡക്ട് നിർമ്മാണത്തിനുള്ള കരാർ അഫ്കോൺസ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു കൊച്ചി മെട്രോ ഒദ്യോഗികമായി ഏൽപ്പിച്ചിരുന്നു.1141.32 കോടി രൂപയാണ് കരാർ തുക. 20 മാസമാണ് പണി പൂർത്തീകരിക്കാനുള്ള കാലാവധി. 11.2 കിലോമീറ്റർ നിർമ്മാണ പ്രവർത്തനങ്ങളുടെ പണി 20 മാസത്തെ കാലയളവിൽ പൂർത്തീകരിക്കാൻ സാധിച്ചാൽ ഇന്ത്യയിലെ വേഗതയേറിയ മെട്രോ നിർമ്മാണ ഏജൻസി എന്ന പൊൻതൂവൽകൂടി കൊച്ചി മെട്രോക്ക് ലഭിക്കും. മെട്രോ പോലുള്ള വലിയ നിർമ്മിതികൾക്കു പൈൽ ഫൗണ്ടേഷനാണ് കൂടുതൽ അഭികാമ്യം. വയഡക്ടിന്റെ ഭാരത്തെ പൈൽ ഫൗണ്ടേഷനുകൾ ഭൂമിക്കടിയിലുള്ള കൂടുതൽ സ്ഥിരതയുള്ള മണ്ണിന്റെയും കല്ലിന്റെയും പാളികളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. ഇത്തരത്തിലുള്ള പൈൽ ഫൗണ്ടേഷന്റെ സമഗ്രതയും ഭാരം വഹിക്കാനുള്ള ശേഷിയും ഉറപ്പാക്കാൻ പൈൽ ടെസ്റ്റുകൾ നടത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള നാലു ടെസ്റ്റ് പൈലുകൾ കൂടി സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെയുള്ള വയഡകടിന്റെ വിവിധ ഭാഗങ്ങളിൽ നടത്താനാണ് കൊച്ചി മെട്രോ തീരുമാനിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട നടപടികൾ ഉടൻ ആരംഭിക്കും. കൂടാതെ വയഡക്ടിന്റെ അലൈന്മെന്റിൽ വിവിധ ഇടങ്ങളിൽ മണ്ണ് പരിശോധനാ പ്രവർത്തനങ്ങൾ ഉടനെ തന്നെ ആരംഭിക്കും. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക് വരെയുള്ള വയഡക്ട് അലൈമെന്റിൽ ടോപ്പോഗ്രാഫി സർവ്വേ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

# ഭിന്നശേഷി തിരിച്ചറിയൽ കാർഡ്: പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിൻ ഊർജിതമാക്കും

**തിരുവനന്തപുരം:** സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ നാഷണൽ സർവീസ് സ്കീമിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഡി.ഐ.ഡി) ലഭ്യമാക്കാൻ പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിൻ ഊർജ്ജിതമാക്കുമെന്ന് മന്ത്രി ആർ. ബിന്ദു പറഞ്ഞു. തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ് കൂടി പങ്കെടുത്ത യോഗത്തിലാണ് തീരുമാനം.

ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിൽ യു.ഡി.ഐ.ഡി. കാർഡിന് വലിയ പ്രാധാന്യമുണ്ട്. 2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ളതും മറ്റു വിവിധ ആവശ്യങ്ങൾക്കും അടിസ്ഥാന രേഖയായി പരിഗണിക്കാവുന്ന ഈ കാർഡ് സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും ലഭ്യമാക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം യോഗതീരുമാനങ്ങൾ വിശദീകരിച്ച് മന്ത്രി ബിന്ദു പറഞ്ഞു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് യു.ഡി.ഐ.ഡി അദാലത്തുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം സംഘടിപ്പിച്ചു വരികയാണ്. പൂർണ്ണമായും കിടപ്പിലായ ഭിന്നശേഷിക്കാർക്ക് അവരുടെ വീടുകളിലെത്തി ആധാറും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

യു.ഡി.ഐ.ഡി. കാർഡിനായുള്ള അപേക്ഷയിൽ വേണ്ട തിരുത്തലുകൾ വരുത്താൻ അപേക്ഷകരെ സഹായിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കും. ഈ ഹെൽപ്പ് ഡെസ്കിലേയ്ക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവശ്യമായ ജീവനക്കാരെ നിയോഗിക്കും. തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ വേണ്ട സൗകര്യങ്ങളും സഹായവും നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകുമെന്ന് തദ്ദേശസ്വയംഭരണ മന്ത്രി എം. ബി. രാജേഷ് അറിയിച്ചു.

2016ലെ ഭിന്നശേഷി സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെയുള്ള എട്ടുലക്ഷത്തോളം ഭിന്നശേഷിക്കാർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കാൻ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം 2022 ഏപ്രിലിൽ പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തിയിരുന്നു. അതിലൂടെ ഒന്നര ലക്ഷത്തോളം പേരെ രജിസ്റ്റർ ചെയ്യിപ്പിച്ചു. അവർക്ക് യു.ഡി.ഐ.ഡി. കാർഡുകൾ ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ട്.

തുടർന്ന് എൻ.എസ്.എസ് യൂണിറ്റുകളിൽ നിന്നുള്ള വോളന്റിയർമാരുടെ സഹകരണത്തോടെ 2024 ജനുവരിയിൽ 'തന്മുദ്ര' എന്ന പേരിൽ പ്രത്യേക ക്യാമ്പയിന് തുടക്കം കുറിച്ചു. കൂടാതെജില്ലാകളക്ടർമാരുടെ സഹകരണത്തോടെ ഇരുപത്തെട്ടായിരത്തിൽ അധികം പേരെ യു.ഡി.ഐ.ഡി. കാർഡിനായി പുതുതായി രജിസ്റ്റർ ചെയ്യിച്ചു. തന്മുദ്ര ക്യാമ്പയിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട എൻ.എസ്.എസ്. വോളന്റിയർമാർക്കും വയോമിത്രം കോഓഡിനേറ്റർമാർക്കും ക്യാമ്പയിന്റെ ഉദ്ഘാടന ഭാഗമായി സംസ്ഥാനതല പരിശീലനവും നൽകി.

പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ചർച്ച ചെയ്യാൻ ജില്ലാ കളക്ടർമാരുടെ യോഗം വിളിക്കും. അതോടൊപ്പം പ്രത്യേക രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്ക് പിന്തുണയും സഹകരണവും എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, കോർപ്പറേഷൻ മേയർമാർ, ഡെപ്യൂട്ടി മേയർമാർ, ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിലെയും കോർപ്പറേഷനിലെയും ആരോഗ്യ വിദ്യാഭ്യാസ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാതല ഓഫീസർമാർ, എൻ.എസ്.എസ്ന്റെ ചുമതലയുള്ള ജില്ലാതല ഓഫീസർമാർ എന്നിവരിൽ നിന്നും ഉറപ്പാക്കും. ജില്ലാതല യോഗങ്ങൾക്കുശേഷം എം.എൽ.എമാരുടെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, ഡെപ്യൂട്ടി ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, മുനിസിപ്പാലിറ്റി, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ ആരോഗ്യ വിദ്യാഭ്യാസ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ യോഗം വിളിക്കും. ഈ യോഗങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരോ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ പങ്കെടുക്കണമെന്ന് നിർദ്ദേശിക്കും. യോഗം വിളിച്ചുചേർക്കാൻ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുൻകൈയ്യെടുക്കും. ആവശ്യമായ പ്രവർത്തനങ്ങൾ എംഎൽഎമാരുടെ നിർദ്ദേശപ്രകാരം മിഷൻ ഏറ്റെടുക്കും.

പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ നേരിട്ട് പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളന്റിയർമാർക്ക് പരിശീലനം നൽകാനും യോഗത്തിൽ തീരുമാനമായി.

സംസ്ഥാനത്തെ മുപ്പത്തിമൂവായിരത്തോളം അംഗനവാടികളിൽ സൂക്ഷിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ സംബന്ധിച്ച വിവരങ്ങൾ എൻ.എസ്.എസ്. വോളന്റിയർമാരുടെ സഹായത്തോടെ തന്മുദ്ര വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യും. യു.ഡി.ഐ.ഡി. കാർഡിനായി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഭിന്നശേഷിക്കാരുടെ വീടുകളിൽ എൻ.എസ്.എസ്. വോളന്റിയർമാർ സന്ദർശിച്ച് രജിസ്ട്രേഷൻ നടത്തും. ഈ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരശേഖരണവും യു.ഡി.ഐ.ഡി. കാർഡിനായുള്ള അവരുടെ രജിസ്ട്രേഷനും സമ്പൂർണ്ണമായി പൂർത്തിയാവും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# യൂണിമണി സ്കോളർഷിപ്പ് പദ്ധതി സ്റ്റുഡന്റ് സ്റ്റാർസ് 2024 ആരംഭിച്ചു

**കൊച്ചി:** വിദേശ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കായി പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയും വിദേശ നാണയ വിനിമയ സ്ഥാപനവുമായ യൂണിമണി ഫിനാൻഷ്യൽ സർവീസസിന്റെ നേതൃത്വത്തിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയായ 'യൂണിമണി സ്റ്റുഡന്റ് സ്റ്റാർസ് 2024' ന് തുടക്കം കുറിച്ചു. യൂണിമണി ഫിനാൻഷ്യൽ സർവീസസ് ഡയറക്ടറും സിഇഒ യുമായ ആർ കൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. ചീഫ് ഫിനാൻഷ്യൽ ഓഫീസർ മനോജ് വി മാത്യു, ചീഫ് പീപ്പിൾ ഓഫീസർ രതീഷ് ആർ, വിദേശ വിനിമയ വിഭാഗം നാഷണൽ ഹെഡ് പ്രകാശ് ഭാസ്കർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഒന്നാം സീസണിൽ ജേതാവായ തിരുവനന്തപുരം സ്വദേശിനി അശ്വതി രാധികയ്ക്കുള്ള 3 ലക്ഷം രൂപ ചടങ്ങിൽ വെച്ച് രക്ഷിതാക്കൾക്ക് കൈമാറി.

വിദേശത്ത് പഠിക്കാനാഗ്രഹിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്കു സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുടെ ആദ്യ സീസൺ യൂണിമണി 2023 ജനുവരിയിലാണ് തുടങ്ങിയത്. രണ്ടാം സീസണിന്റെ രജിസ്ട്രേഷൻ 2024 ജൂലൈ 1 മുതൽ 2025 മാർച്ച് 31 വരെയാണ്. സ്കോളർഷിപ്പ് അവാർഡിനായി അർഹതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച വിദ്യാർത്ഥിയ്ക്ക് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 2 ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് 1 ലക്ഷം രൂപയുമാണ് ലഭിക്കുക. നറുക്കെടുപ്പിലൂടെ പാദവാർഷിക സമ്മാനമായി ലാപ്ടോപും പ്രതിമാസം ട്രോളി ബാഗും നൽകുന്ന പദ്ധതി ഈ വർഷം ജൂലൈയിൽ തുടങ്ങും.ആദ്യ സീസൺ സ്കോളർഷിപ്പ് പദ്ധതിയിൽ 25,000ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തപ്പോൾ ഇത്തവണ 50,000 ത്തിൽ പരം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം സമ്മാനം 5 ലക്ഷം രൂപയായി ഉയർത്തിയതെന്ന് ആർ കൃഷ്ണൻ പറഞ്ഞു.

സ്കോളർഷിപ്പിന് അർഹത നേടുന്നതിനായി 12ാം ക്ലാസ്, ഡിപ്ലോമ, സ്കൂൾ, കോളേജ് ബിരുദ, സിബിഎസ്ഇ, ഐസിഎസ്ഇ, യുജിസി, സ്റ്റേറ്റ്, സെൻട്രൽ സിലബസിലുള്ള വിദേശത്ത് പഠിക്കാൻ ആഗ്രഹിക്കുന്ന , വിദേശ സ്ഥാപനത്തിൽ നിന്ന് പഠനത്തിന് ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കുറഞ്ഞത് 60 ശതമാനം മാർക്കു വേണം. യൂണിമണി ശാഖകളിലോ remitforex.com വെബ്സൈറ്റിലോ മാധ്യമ പരസ്യങ്ങളിലെ ക്യുആർ കോഡ് സ്കാൻ ചെയ്തോ സോഷ്യൽ മീഡിയ ലിങ്ക് മുഖേനയോ അപേക്ഷ നൽകാം.

# ഭക്ഷ്യസുരക്ഷ: തേവര മാർക്കറ്റിൽ ആരോഗ്യ വിഭാഗം പരിശോധന നടത്തി

**കൊച്ചി:** ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭ സജ്ജമാക്കിയ മെബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സഹായത്തോടെ നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ തേവര മാർക്കറ്റിൽ പരിശോധന നടത്തി. നഗരത്തിലെ വലിയ ഹോട്ടലുകളിലെ ഭക്ഷണത്തിൻറെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടെങ്കിലും, ചെറിയ ഹോട്ടലുകളിലേയും, തട്ടുകടകളിലേയും പരിശോധനയ്ക്ക് സംവിധാനം ഇല്ലായിരുന്നു. ഭക്ഷ്യ സുരക്ഷക്കായി ഒരു സ്ഥിരം സംവിധാനം ഉറപ്പാക്കേണ്ടത് ഭക്ഷ്യ സുരക്ഷാ വകുപ്പിൻറെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്തമാണെന്ന് മേയർ അഡ്വ. എം അനിൽകുമാർ പറഞ്ഞു.ഐസി.ഐസി.ഐ ബാങ്കിന്റെ സി.എസ്.ആർ സഹായത്തോടെ, ഏകദേശം 41 ലക്ഷം രൂപ ചെലവാക്കിയാണ്, കൊച്ചി നഗരസഭ ആധുനിക സംവിധാനങ്ങളോട് കൂടിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് സജ്ജമാക്കിയിട്ടുള്ളത്. ഭക്ഷണ നിർമ്മാണവിതരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന എണ്ണ, വെള്ളം, പാൽ അടക്കമുള്ള ഭക്ഷണസാധനങ്ങളുടെയും, ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം, അതാത് സ്ഥലങ്ങളിൽ ചെന്ന് പരിശോധിക്കാൻ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന് കഴിയും. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഇത്തരത്തിൽ ഒരു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് സജ്ജമാക്കിയിട്ടുളളത്. നിയോജൻ ഫുഡ് ആൻറ് അനിമൽ സെക്യൂരിറ്റി ( ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് , സ്റ്റെർലിംഗ് ഗ്രൂപ്പ് എന്നിവരുടെ സങ്കേതിക സഹകരണത്തോടെ സജ്ജമാക്കിയ ഫുഡ് ടെസ്റ്റിംഗ് ലാബിൻറെ പരിശോധന നഗരത്തിൻറെ വിവിധ ഭാഗങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതാണെന്നും മേയർ വ്യക്തമാക്കി.

# വി എം സുധീരന് പുരസ്കാരം



**പത്തനംതിട്ട:** മധ്യതിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഉജ്ജ്വല സാന്നിധ്യമായിരുന്ന പി ജെ കുര്യൻ പന്നിക്കോട്ടിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മികച്ച പൊതുപ്രവർത്തകനുള്ള പുരസ്കാരം ഈ വർഷം വി എം സുധീരന് സമ്മാനിക്കും. ജൂലൈ 5 വെള്ളിയാഴ്ച വെണ്ണിക്കുളം സെന്റ് ബെഹനാൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന പരിപാടി രാജ്യസഭാ മുൻ ഉപാധ്യക്ഷൻ പി ജെ കുര്യൻ ഉദ്ഘാടനം ചെയ്യും. ഡോ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. യുയാക്കിം മാർ കൂറിലോസ്, എംപിമാരായ അടൂർ പ്രകാശ്, ആന്റോ ആന്റിണി, തുടങ്ങിയവർ പങ്കെടുക്കും. കോൺഗ്രസ്സിന്റെ ദേശീയ, സംസ്ഥാന ഭാരവാഹിത്വങ്ങൾ വഹിച്ചിട്ടുള്ള പി ജെ കുര്യൻ പന്നിക്കോട്ട് ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടേയും ജില്ലാ കോൺഗ്രസ് ഭാരവാഹിയായിരുന്നു. മികച്ച പൊതുപ്രവർത്തകനു പുറമെ ഭിന്നശേഷി വികസനം, അധ്യാപകവിദ്യാർത്ഥി പ്രതിഭകൾ, പൊതുവിദ്യാഭ്യാസ മേഖലകളിലെ മികച്ച സ്ഥാപനങ്ങൾ എന്നിവർക്കും ഇത്തവണ പുരസ്കാരങ്ങൾ നൽകുന്നുണ്ട്. ഭിന്നശേഷി വികസനത്തിൽ മാവേലിക്കര ജ്യോതിസ്സ് സ്പെഷ്യൽ സ്കൂൾ, മികച്ച അധ്യാപകനുള്ള പുരസ്കാരം കെ എം മാത്യു, വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം ലക്ഷ്മി അശോക്, മികച്ച വിദ്യാഭ്യാസ സ്ഥാപനത്തിനുള്ള പുരസ്കാരം വെണ്ണിക്കുളം സെന്റ് ബെഹനാൻസ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവരും ഏറ്റുവാങ്ങഅങ്ങും. പ്ലസ് ടു, എസ്എസ്എൽസി എന്നിവയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്കുളഅള പുരസ്കാരങ്ങളും ചടങ്ങിൽ സമർപ്പിക്കുമെന്നും അഡ്വ. പി ജെ കുര്യൻ ഫൗണ്ടേഷൻ ചെയർമാൻ ജോസ് പന്നിക്കോട്ടും വൈസ് ചെയർമാൻ ഏബ്രഹാം പന്നിക്കോട്ടും അറിയിച്ചു.

# എൻവിറോ ഇൻഫ്രാ എഞ്ചിനീയേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സർക്കാർ അതോറിറ്റികൾക്കും ബോഡികൾക്കുമുള്ള ജല, മലിന ജല സംസ്കരണ പ്ലാന്റുകൾ, ജല വിതരണ പദ്ധതികൾ തുടങ്ങിയവയുടെ രൂപകല്പന, നിർമാണം, പ്രവർത്തനം, അറ്റകുറ്റപ്പണി തുടങ്ങിയ ബിസിനസുകളിൽ ഏർപ്പെട്ടിരിക്കുന്ന എൻവിറോ ഇൻഫ്രാ എഞ്ചിനീയേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പത്ത് രൂപ മുഖവിലയുള്ള 4,42,32,000 പുതിയ ഇകിറ്റി ഓഹരികളും 52,68,000 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഹെം സെക്യൂരിറ്റീസാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.



## മലയോര പട്ടയം വിവരശേഖരണം; അപേക്ഷ ജൂലൈ 25 വരെ നൽകാം

1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് 1 മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക്, ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാം.

റവന്യു വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനുള്ള നടപടികളുടെ ഭാഗമായി ചേർന്ന റവന്യൂ സെക്രട്ടറിയറ്റ് യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നേരത്തെ അപേക്ഷ നൽകാൻ കഴിയാത്തവർക്ക് അപേക്ഷ നൽകാൻ സൗകര്യമൊരുക്കിയിട്ടുള്ളത്. വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ്

202324 അധ്യയന വർഷത്തിൽ മാർച്ച് മാസത്തിൽ നടത്തിയ പത്താംതരം ടി.എച്ച്.എസ്.എസ്.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ, ഗവ റിജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെ എസ്.എസ്.സി പരീക്ഷകളിൽ ഉയർന്ന മാർക്ക് (പത്താം ക്ലാസ്, എ പ്ലസ്, 9 എ പ്ലസ്, 8 എ പ്ലസ്, പ്ലസ് ടു ഫുൾ എ പ്ലസ്) നേടിയ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു.

202324 വർഷത്തിൽ കായിക വിനോദ മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും അപേക്ഷ ക്ഷണിച്ചു. പദ്ധതികൾക്കായി അപേക്ഷ മത്സ്യബോർഡ് ഫിഷറീസ് ഓഫീസുകളിൽ നൽകണം. കൂടുതൽ വിവരങ്ങൾ മത്സ്യബോർഡിന്റെ ഫിഷറീസ് ഓഫീസുമായോ മേഖല ഓഫീസുമായോ ബന്ധപ്പെടണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 15 വൈകിട്ട് അഞ്ചു വരെ.

## ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും എസ്.ആർ.സി ഓഫീസിൽ ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 20. ഫോൺ: 9846033001.

## അസാപ് ഐലൈക്ക് കോഴ്സുകൾ

ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരള അതിനൂതന കോഴ്സുകളിൽ പ്രവേശനം ആരംഭിച്ചു. അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലാണ് ക്ലാസുകൾ നടക്കുക.

അഡ്വാൻസ്ഡ് ടാലി, ജാവ പ്രോഗ്രമിങ്, മൊബൈൽ ആപ്പ് ഡെവലപ്മെന്റ്, ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ഡാറ്റ മാനേജ്മെന്റ് വിത്ത് അഡ്വാൻസ്ഡ് എക്സൽ, ഡിജിറ്റൽ ഫ്രീലാൻസിങ്, റീറ്റെയിൽ മാനേജ്മെന്റ് എന്ന് തുടങ്ങി 120 മണിക്കൂർ വീതം ദൈർഘ്യമുള്ള 18 കോഴ്സുകളാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. വളരെ ചുരുങ്ങിയ ഫീസിൽ ഉദ്യോഗാർഥികളുടെ സൗകര്യാർത്ഥം പഠിക്കാൻ സാധിക്കുന്ന ഈ കോഴ്സുകളുടെ വിശദവിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുവാനും ഹശിസ.മമൈരു.ശി/ശഹശസല ലിങ്ക് സന്ദർശിക്കുകയോ 9495999620 നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

## ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി പദ്ധതി കുടിശിക ഒടുക്കാം

കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് അംശദായം കുടിശ്ശിക ഒടുക്കുന്നതിന് സെപ്റ്റംബർ 30 വരെ സമയം അനുവദിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവായി.

## ടെൻഡർ ക്ഷണിച്ചു

എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ഔദ്യോഗിക ആവശ്യത്തിനായി 202425 സാമ്പത്തിക വർഷത്തിൽ ടാക്സി പെർമിറ്റുള്ള എ.സി കാർ ലഭ്യമാക്കുന്നതിന് വാഹന ഉടമകളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 17. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842425249.

# സിക്ക വൈറസ്: സംസ്ഥാനങ്ങൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ജാഗ്രതാ നിർദേശം

**ന്യൂഡൽഹി :** മഹാരാഷ്ട്രയിൽ നിന്ന് സിക്ക വൈറസ് കേസുകൾ റിപ്പോർട്ട് ചെയ്തത സാഹചര്യത്തിൽ സിക്കക്കെതിരെ നിരന്തര ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഹെൽത്ത് സർവീസസ് ഡയറക്ടർ ജനറൽ (ഡിജിഎച്ച്എസ്) ഡോ. അതുൽ ഗോയൽ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.


രോഗബാധിതയായ ഗർഭിണിയുടെ ഗർഭസ്ഥ ശിശുവിന്റെ മസ്തിഷ്ക വളർച്ച, നാഡീ സംബന്ധമായ വളർച്ച എന്നിവയുമായി സിക്ക ബന്ധപ്പെട്ടിരിക്കുന്നു.അതിനാൽ സൂക്ഷ്മ നിരീക്ഷണം നടത്താൻ ഡോക്ടർമാരെ അറിയിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഗർഭിണികൾക്ക് സിക്ക വൈറസ് ബാധയുണ്ടോയെന്ന് (ബാധിച്ചിട്ടുണ്ടോയെന്ന്)പരിശോധിക്കുന്നതിനും സിക്ക പോസിറ്റീവ് ആയ അമ്മമാരുടെ ഗർഭസ്ഥ ശിശുവിന്റെ വളർച്ച നിരീക്ഷിക്കുന്നതിനും കേന്ദ്ര ഗവൺമെന്റ് നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനും വൈറസ് ബാധിത പ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് നിർദേശം നൽകാനും സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട് . പരിസരം ഈഡിസ് കൊതുകു വിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സിക്ക വൈറസ് സംബന്ധിച്ച കേസുകൾ നിരീക്ഷിക്കാനും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്താൻ ആരോഗ്യ കേന്ദ്രങ്ങൾ /ആശുപത്രികൾക്ക് നിർദേശം നൽകാനും സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു.

ജനവാസ മേഖലകൾ, ജോലി സ്ഥലങ്ങൾ, സ്കൂളുകൾ, നിർമ്മാണ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കൊതുക് നിവാരണ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി.സമൂഹത്തിൽ പരിഭ്രാന്തി കുറയ്ക്കുന്നതിന് സാമൂഹ്യ മാധ്യമങ്ങളിലും മറ്റ് പ്ലാറ്റ്ഫോമുകളിലും മുൻകരുതലായി ഐഇസി സന്ദേശങ്ങളിലൂടെ അവബോധം വളർത്താൻ സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. മറ്റേതൊരു വൈറൽ അണുബാധയും പോലെയുള്ളതാണ് സിക്ക. മിക്ക കേസുകളിലും ലക്ഷണമില്ലാത്തതും വളരെ നേരിയ തോതിൽ അനുഭവപ്പെടുന്നതുമാണ് . 2016ന് ശേഷം രാജ്യത്ത് സിക്കയുമായി ബന്ധപ്പെട്ട മൈക്രോസെഫാലി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ഏതെങ്കിലും തരത്തിൽ തീവ്ര രോഗ വ്യാപനം ഉണ്ടായാൽ സമയബന്ധിതമായി കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും, എല്ലാ തലങ്ങളിലും ഉചിതമായ സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കാനും ജാഗ്രത പാലിക്കാനും സംസ്ഥാന അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിക്ക കേസുകൾ കണ്ടെത്തിയാൽ ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാമിലേക്കും (ഐഡിഎസ്പി), വെക്റ്റർ ബോൺ ഡിസീസ് കൺട്രോളിന്റെ ദേശീയ കേന്ദ്രത്തിലേക്കും (എൻസിവിബിഡിസി) ഉടൻ റിപ്പോർട്ട് ചെയ്യാനും സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു.

പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (ചകഢ) ; ഡൽഹിയിലെ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (ചഇഉഇ), ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (കഇങഞ) തിരഞ്ഞെടുത്ത ഏതാനും വൈറസ് ഗവേഷണ, ഡയഗ്നോസ്റ്റിക് ലബോറട്ടറികൾ എന്നിവിടങ്ങളിൽ സിക്ക വൈറസ് പരിശോധനാ സൗകര്യം ലഭ്യമാണ്.

# ദക്ഷിണേന്ത്യൻ വിപണിയിൽ സാന്നിധ്യം ശക്തമാക്കാൻ ഡോളർ ഇൻഡസ്ട്രീസ്




**കൊച്ചി:** ഇന്ത്യയിലെ ലൈഫ്സ്റ്റൈൽ ഔട്ടർവെയർ ആന്റ് ഇന്നർ വെയർ ബിസിനസിലെ മുൻ നിരയിലുള്ള ഡോളർ ഇൻഡസ്ട്രീസ് ലിമിറ്റഡ് ദക്ഷിണേന്ത്യൻ വിപണിയിൽ സാന്നിധ്യ ശക്തമാക്കുന്നു.ദക്ഷിണേന്ത്യയ്ക്കുള്ള ബ്രാൻഡ് അംബാസഡറായി ചലച്ചിത്ര താരം മഹേഷ് ബാബു വുമായി കരാർ ഒപ്പുവച്ചു.ദിൻ ദയാൽ ഗുപ്തയുടെ നേതൃത്വത്തിൽ ഭാവാനി ടെക്സ്റ്റൈൽസ് എന്ന പേരിൽ പ്രയാണമാരംഭിച്ച ഡോളർ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഇപ്പോൾ ഇന്ത്യയിലെ ബ്രാൻഡഡ് ഹോസിയറി വിഭാഗത്തിന്റെ 15% വിപണി വിഹിതം കൈവശം വയ്ക്കുന്ന ഗ്രൂപ്പ് വാർഷികാടിസ്ഥാനത്തിൽ 11% 12% വളർച്ചയാണ് ലക്ഷ്യമിടുന്നത്. തങ്ങളുടെ വിഷൻ സൗത്ത് ഇന്ത്യ തന്ത്രത്തിന്റെ ഭാഗമായി, ഡോളർ ഇൻഡസ്ട്രീസ് ഈ വർഷത്തെ അപേക്ഷിച്ച് ദക്ഷിണ വിപണിയിൽ നിന്നുള്ള വിൽപ്പനയിൽ ഏകദേശം 50% വളർച്ച ലക്ഷ്യമിടുന്നു.തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദക്ഷിണേന്ത്യൻ വിപണികളിൽ നിന്ന് മികച്ച പ്രതികരണം ലഭിച്ചിട്ടുണ്ടെന്ന് ഡോളർ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വിനോദ് കുമാർ ഗുപ്ത പറഞ്ഞു.തങ്ങളുടെ ആഭ്യന്തര വിൽപ്പന ഈ വിപണികളിൽ നിന്ന് അടുത്തിടെ വർദ്ധിച്ചിട്ടുണ്ട്, ഏകദേശം 8% ആണിത്. ആഭ്യന്തര വരുമാനത്തിന്റെ 20% സൗത്ത് മാർക്കറ്റിൽ നിന്ന് നേടാനാണ് ലക്ഷ്യമിടുന്നതെന്നും വിനോദ് കുമാർ ഗുപ്ത പറഞ്ഞു.വരുന്ന 3 വർഷത്തിനുള്ളിൽ ദക്ഷിണ വിപണിയിലുടനീളം, ഉപഭോക്താക്കൾക്ക് ഡോളർ ഉൽപ്പന്നങ്ങളുടെ മുഴുവൻ ശ്രേണിയും അനുഭവിക്കാനാകുന്ന 50 എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്ലെറ്റുകൾ തുറക്കാൻ പദ്ധതിയുണ്ടെന്ന് ഡോളർ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ജോയിന്റ് മാനേജിംഗ് ഡയറക്ടർ ബിനയ് കുമാർ ഗുപ്ത പറഞ്ഞു.കൊൽക്കത്ത, ലുധിയാന, തിരുപ്പൂർ, ന്യൂഡൽഹി എന്നിവിടങ്ങളിൽ ഡോളർ ഇൻഡസ്ട്രീസിന് നിർമ്മാണ യൂണിറ്റുകളുണ്ട്. 2026 സാമ്പത്തിക വർഷത്തോടെ 2000 കോടി രൂപ വരുമാനം നേടുക എന്ന ലക്ഷ്യമാണ് കമ്പനിക്കുള്ളത്, ഈ വരുമാനം നേടുന്നതിന്, തിരുപ്പൂരിലെ സ്പിന്നിംഗ് യൂണിറ്റിന്റെ ശേഷി 22000 സ്പിൻഡിൽ സിൽ നിന്ന് 42000 സ്പിൻഡിലുകളായി വർധിപ്പിക്കുന്നതിനായി 2021 ൽ കമ്പനി കാപെക്സ് പ്രഖ്യാപിച്ചു. . ആ കാപെക്സ് ഇതിനകം തന്നെ പൂർത്തിയായിട്ടുണ്ട്, അധികം വൈകാതെ തന്നെ അധിക ഉൽപ്പാദന ശേഷി ആരംഭിക്കും, അത് ഉൽപ്പാദനത്തിൽ ആന്തരികമായി നമ്മെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കുടുംബങ്ങളുടെ ശാക്തീകരണം വിശ്വാസ കൈമാറ്റത്തിന് അനിവാര്യം: മാർ റാഫേൽ തട്ടിൽ

**കാക്കനാട്:** കുടുംബങ്ങളുടെ ശാക്തീകരണം വിശ്വാസ കൈമാറ്റത്തിന് അനിവാര്യമാണെന്ന് സീറോ മലബാർസഭാ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. ദുക്റാന തിരുനാളിനോടും സഭാദിനത്തോടും അനുബന്ധിച്ച് സീറോമലബാർസഭയുടെ കേന്ദ്രകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്നു സഹശിഷ്യന്മാരോടു പറഞ്ഞ തോമാശ്ലീഹായുടെ ജീവിതമാതൃക പ്രയാസഘട്ടങ്ങളിൽ പരാജയഭീതിയോടെ പിന്മാറുന്നതിനുപകരം ധീരതയോടെ അവയെ നേരിടാൻ നമ്മെ സഹായിക്കുന്നതാണെന്നും മുറിവുകളുണക്കി സാക്ഷ്യം നൽകിക്കൊണ്ട് വിശ്വാസസ്ഥിരതയോടെ സഭയോടൊപ്പം ഒന്നിച്ചു മുന്നേറാമെന്നും അദ്ദേഹം പറഞ്ഞു.രാവിലെ 8.30ന് മേജർ ആർച്ച് ബിഷപ്പ്മാർ റാഫേൽ തട്ടിൽ സഭാകാര്യാലയത്തിൽ പതാക ഉയർത്തിയതോടെ ആഘോഷപരിപാടികൾക്ക് തുടക്കമായി. തുടർന്ന് നടന്ന ആഘോഷമായ റാസാ കുർബാനയിൽ മേജർ ആർച്ചുബിഷപ്പ് കാർമികത്വം വഹിച്ചു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ വചനസന്ദേശം നൽകി. എറണാകുളം അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ സഹകാർമികരായിരുന്നു. സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിന് മുന്നോടിയായി സീറോമലബാർസഭയുടെ ചരിത്രമവതരിപ്പിക്കുന്ന ഡോക്കുമെന്ററി പ്രദർശിപ്പിച്ചു. സഭയുടെ ഗവേഷണ പഠന കേന്ദ്രമായ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ പ്രസിദ്ധീകരിച്ച അ്വീരീഹമലേ ീള ടട ഠവീാമ ശികിറശമ എന്ന പുസ്തകം മാർ റാഫേൽ തട്ടിൽ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കലിനു നൽകി പ്രകാശനം ചെയ്തു. എൽ.ആർ.സി. പഠനപരമ്പരയെ മാർ ടോണി നീലങ്കാവിലും പുതിയ പുസ്തകത്തെ എഡിറ്റർ റവ. ഡോ. പയസ് മലേകണ്ടത്തിലും പരിചയപ്പെടുത്തി. പ്രൊഫ. ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ ഏർപ്പെടുത്തിയിട്ടുള്ള 'പൗരസ്ത്യരത്നം' അവാർഡ് ചടങ്ങിൽ പ്രഖ്യാപിച്ചു. ആരാധനക്രമ വിഷയത്തിൽ അതുല്യമായ സംഭാവനകൾ നൽകിയ റവ. പ്രൊഫ. ഡോ. വർഗീസ് പാത്തികുളങ്ങര സി.എം.ഐ. ആണ് അവാർഡിനർഹനായത്. പൊതുസമ്മേളനത്തിൽ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയാ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, എം.എസ്.എം.ഐ. സന്ന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ എൽസി വടക്കേമുറി, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, മാതൃവേദി ഗ്ലോബൽ ജനറൽ സെക്രട്ടറി ആൻസി മാത്യു ചേന്നോത്ത് സംസാരിച്ചു. സമ്മേളനത്തെ തുടർന്ന് വിവിധ കലാപരിപാടികളും അവതരിപ്പിക്കപ്പെട്ടു.

# എൻപിസിഐയും നെറ്റ് വർക്ക് ഇന്റർനാഷണലും പങ്കാളിത്തമാരംഭിച്ചു

**കൊച്ചി:** യുഎഇയിലെ കച്ചവട സ്ഥാപനങ്ങളിൽ ക്യു ആർ കോഡിൻറെ അടിസ്ഥാനത്തിൽ യുപിഐ പണമടക്കൽ സാധ്യമാക്കാൻ എൻപിസിഐ ഇന്റർനാഷണൽ പെയ്മെന്റ്സും നെറ്റ് വർക്ക് ഇന്റർനാഷണലും പങ്കാളിത്തമാരംഭിച്ചു. മിഡിൽ ഈസ്റ്റ്, ആഫ്രിക്ക മേഖലയിൽ ഡിജിറ്റൽ കോമേഴ്സ് സംവിധാനങ്ങൾ ഒരുക്കുന്ന രംഗത്തെ മുൻനിരക്കാരാണ് നെറ്റ് വർക്ക് ഇന്റർനാഷണൽ.
നെറ്റ് വർക്കിന്റെ യുഎഇയിലുള്ള പിഒഎസ് ടെർമിനലുകൾ വഴിയാകും ഈ സൗകര്യം ലഭ്യമാക്കുക. യുഎഇയിലെ നിലവിലുള്ള യുപിഐ സ്വീകാര്യത കൂടുതൽ ശക്തമാക്കാൻ ഇതു സഹായിക്കും. യുഎഇയിലേക്കു യാത്ര ചെയ്യുന്ന ഇന്ത്യക്കാർക്ക് കച്ചവട സ്ഥാപനങ്ങളിലെ ഇടപാടുകൾ സൗകര്യപ്രദമാക്കാനും ഇതു വഴിയൊരുക്കും. നെറ്റ് വർക്കിന് യുഎഇയിൽ 60,000ത്തിൽ പരം കച്ചവട സ്ഥാപനങ്ങളിലാണ് സേവനമുള്ളത്.
രണ്ടു ലക്ഷത്തിലേറെ പിഒഎസ് ടെർമിനലുകളുമുണ്ട്. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാർക്ക് ലളിതമായ പണമടക്കൽ രീതികൾ പ്രദാനം ചെയ്യുന്നതിന് ഒപ്പം നവീനമായ ഡിജിറ്റൽ പെയ്മെൻറ് രീതികൾ അന്താരാഷ്ട്ര തലത്തിൽ പ്രോൽസാഹിപ്പിക്കാനും ഇതു സഹായിക്കുമെന്ന് എൻപിസിഐ ഇൻറർനാഷണൽ സിഇഒ റിതേഷ് ശുക്ല പറഞ്ഞു. ഈ സഹകരണം സാങ്കേതിക പുരോഗതി കൈവരിക്കുന്നതിനും മികച്ച ആഗോള പേയ്മെന്റ് ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിനുമുള്ള പ്രതിബദ്ധതയെ വെളിവാക്കുന്നുവെന്നും റിതേഷ് ശുക്ല പറഞ്ഞു.

# ആമസോൺ പ്രൈം ഡേ എട്ടാം എഡിഷൻ

**കൊച്ചി:** ഒട്ടേറെ ഓഫറുകളുമായി എത്തുന്ന പ്രൈം ഡേയുടെ എട്ടാം എഡിഷൻ ജൂലൈ 20, 21 തീയതികളിൽ നടക്കുമെന്ന് പ്രഖ്യാപിച്ച് ആമസോൺ ഇന്ത്യ. രണ്ട് ദിവസത്തെ ഈ വാർഷിക മേള പ്രൈം മെംബേർസിന് മികച്ച ഷോപ്പിംഗ് ഡീലുകൾ, ബ്ലോക്ക്ബസ്റ്റർ എൻറർടെയിൻമെൻറ്, സേവിംഗ് എന്നിങ്ങനെയുള്ള ധാരാളം പ്രയോജനങ്ങൾ നൽകും. സ്മാർട്ട്ഫോണുകൾ, ടിവികൾ, അപ്ലയൻസസ്, ഫാഷൻ&ബ്യൂട്ടി, നിത്യോപയോഗ സാധനങ്ങൾ, ആമസോൺ ഡിവൈസുകൾ, ഹോം&കിച്ചൻ ഫർണിച്ചറുകൾ മുതൽ ദൈനംദിന സാധനങ്ങളിൽ വരെ പ്രൈം അംഗങ്ങൾക്ക് പുതിയ ലോഞ്ചുകൾ ഉൾപ്പെടെ വമ്പൻ ഡീലുകളിൽ ലഭിക്കും.

# ഇടുക്കി, വയനാട് ജില്ലാ റവന്യു അസംബ്ലി ചേർന്നു; മലയോര ജില്ലകളിലെ പട്ടയ വിതരണം വേഗത്തിലാക്കണം

**തിരുവനന്തപുരം:**റവന്യുഭവന നിർമ്മാണ വകുപ്പ് വിഷൻ ആന്റ് മിഷൻ 202126 നാലാമത് ഇടുക്കി, വയനാട് ജില്ലാ സംയുക്ത റവന്യു അസംബ്ലി മന്ത്രി കെ രാജന്റെ അധ്യക്ഷതയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ (ഐ എൽ ഡി എം ) നടന്നു.

മന്ത്രിമാരായ റോഷി അഗസ്റ്റ്യൻ, ഒ ആർ കേളു എന്നിവരടക്കം രണ്ടു ജില്ലകളിൽ നിന്നുള്ള എംഎൽഎമാർ പങ്കെടുത്തു.

വയനാട് ജില്ലാ കളക്ടർ രേണു രാജ്, ഇടുക്കി കളക്ടർ ഷീബ ജോർജ് എന്നിവർ ജില്ലകളിലെ സ്ഥിതിവിവരങ്ങൾ അവതരിപ്പിച്ചു. തുടർന്ന് എംഎൽഎമാർ മണ്ഡലങ്ങളിലെയും ജില്ലകളിലെയും ആവശ്യങ്ങളും വിഷയങ്ങളും അവതരിപ്പിച്ചു. പി ജെ ജോസഫ് എംഎൽഎയുടെ സബ്മിഷനും പരിഗണിച്ചു.ഭൂമിയുടെ അവകാശം പതിച്ചുകൊടുക്കാൻ വയനാട് ജില്ലയിലെ ചിലയിടങ്ങളിൽ നിയമപരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് മന്ത്രി ഒ ആർ കേളു, എംഎൽഎമാരായ ടി സിദ്ധീഖ്, ഐ സി ബാലകൃഷ്ണൻ എന്നിവർ ഉന്നയിച്ചു. വയനാട്ടെ മധ്യപ്രദേശ് സർക്കാരിന്റെ ഭൂമി ഉണ്ട്. കേരളത്തിന്റെ ഭൂമി മധ്യപ്രദേശിലും ഉണ്ട്. അവ പരസ്പരം കൈമാറ്റം ചെയ്യാൻ മുഖ്യമന്ത്രി തലത്തിൽ ഇടപെടലുണ്ടായി. അതിൽ തുടർച്ചവേണം എന്നും ആവശ്യമുയർന്നു.

സുഗന്ധഗിരി പ്രൊജക്ട് ഭൂമിയിലെ പട്ടയപ്രശ്നം നിയമസഭയിൽ മന്ത്രിയുടെ വിശദീകരണം നടത്തിയെങ്കിലും നടപടികൾ പരിപൂർണമായി പരിഹരിക്കാൻ കഴിയണം എന്ന് ടി സിദ്ധീഖ് ആവശ്യപ്പെട്ടു.

ഡാമുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഡാം പ്രദേശത്തെ സർവെ, ഭൂമി ഏറ്റെടുക്കൽ, ഡിജിറ്റൽ റീസർവെ എന്നിവയിൽ ഇടുക്കി ജില്ലയിലെ സേവനങ്ങൾ മികച്ച രീതിയിലാണ് മുന്നോട്ടുപോകുന്നതെന്ന് മന്ത്രി റോഷി അഗസ്റ്റ്യൻ പറഞ്ഞു. സർവെയുടെ തുടക്കത്തിൽ ഉണ്ടായ തടസം റവന്യു മന്ത്രി നേരിട്ട് ഇടപെട്ട് പരിഹരിച്ചിരുന്നു. എന്നാൽ ജീവനക്കാരുടെ കുറവ്, പ്രത്യേകിച്ച് സർവെ ടീമിന്റെ കാര്യത്തിൽ വകുപ്പ് മന്ത്രിയുടെ ശ്രദ്ധവേണമെന്ന് റോഷി അഗസ്റ്റിൻ ആവശ്യപ്പെട്ടു.

നാലാമത്തെ റവന്യു അസംബ്ലിയിലെത്തുമ്പോൾ പട്ടയം വിതരണം ഭൂമി സംബന്ധമായ കുറേയധികം കാര്യങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് എം എം മണി പറഞ്ഞു. മുൻകാലങ്ങളേക്കാൾ ജില്ലയിലെ പ്രശ്നങ്ങൾ തർക്കങ്ങളില്ലാതെ പരിഹരിക്കാൻ റവന്യു മന്ത്രിക്കും ഉദ്യോഗസ്ഥർക്കും കഴിഞ്ഞു. സാധാരണ തല്ലും വഴക്കും പതിവായിരുന്ന ഭൂപ്രശ്നം കഴിഞ്ഞ മൂന്നു വർഷം യാതൊരു പ്രതിസന്ധിയുമില്ലാതെ മുന്നോട്ടു പോകാനായി എന്നത് തന്നെ നേട്ടമാണെന്നും എംഎൽഎ പറഞ്ഞു.

പട്ടയ പ്രശ്നത്തിൽ താലൂക്ക് തലത്തിലുള്ള ഒരു യോഗം മന്ത്രിയുടെ സാന്നിധ്യത്തിൽ വേണമെന്ന് പീരുമേട് അംഗം വാഴൂർ സോമൻ ആവശ്യപ്പെട്ടു. ഇനിയും പതിനായിരക്കണക്കിന് ഭൂരഹിതരായവർക്ക് നൽകാനാവുന്ന ഭൂമി തോട്ടം മേഖലയിലുണ്ട്. കർക്കശമായൊരു നിലപാടെടുത്താൽ ഉടമകളിൽ നിന്ന് ഭൂമി വിട്ടു കിട്ടുമെന്നും വാഴൂർ സോമൻ പറഞ്ഞു.

പട്ടയം ലഭിച്ചവർ ആ ഭൂമി മാറ്റി തരണം എന്നാവശ്യപ്പെട്ട് അപേക്ഷകൾ നൽകിയിട്ടുണ്ട്. അതിൽ ഇടപെടലുണ്ടാവണം എന്ന് എ രാജ ആവശ്യപ്പെട്ടു. മണ്ണിടിച്ചൽ ഭീഷണി ഉള്ള ഇടങ്ങളിലെ പുനരധിവാസം, വനാർത്തിയിലെ റവന്യു ഭൂമി വനഭൂമിയാക്കുന്നതിനുള്ള ശ്രമം, തമിഴ് വംശജരായവരുടെ ജാതി സർട്ടിഫിക്കറ്റ് വിതരണം നിർത്തലാക്കിയ വിഷയം തുടങ്ങിയവയും എംഎൽഎ ഉന്നയിച്ചു.

റവന്യുദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിശ്വാസ്, ലാൻഡ് റവന്യു കമ്മിഷണർ ഡോ.എ കൗശിഗൻ, ജോയിന്റ് കമ്മിഷണർ എ ഗീത, സർവെ ഡയറക്ടർ സിറാം സാംബശിവ റാവു, ജില്ലാ കളക്ടർ ജെറോമിക് ജോർജ് എന്നിവരും മറ്റ് ഉ ദ ്യാഗസ്ഥരും റവന്യു അസംബ്ലിയിൽ പങ്കെടുത്തു.




# രജതജൂബിലി നിറവിൽ സുനിദ്ര മാട്രസ്സ്; പുതിയ ആഡംബര മെത്ത 'സിൽക്കി' പുറത്തിറക്കി

**കൊച്ചി:** മെത്ത വ്യവസായത്തിലെ മുൻനിര ബ്രാൻഡായ സുനിദ്ര 25ാം വർഷത്തിലേക്ക് കടക്കുന്നു. ആഘോഷങ്ങളുടെ ഭാഗമായി ഏറ്റവും പുതിയ പ്രീമിയം മോഡലായ 'സിൽക്കി' പുറത്തിറക്കി. ഒപ്പം ഓണത്തിന് ഉപഭോക്താക്കൾക്ക് വേണ്ടി 'നാടെങ്ങും നിദ്രാഘോഷം' എന്ന കൺസ്യൂമർ ഓഫറും അവതരിപ്പിച്ചു . 1999 ലാണ് ഈസ്റ്റേണ് മാട്രസസ് പ്രൈവറ്റ് ലിമിറ്റഡ് സുനിദ്ര എന്ന ബ്രാൻഡിൽ മെത്തകൾ നിർമിക്കാന് ആരംഭിച്ചത്.കൊച്ചി ആസ്ഥാനമായ ഇന്ത്യയിലെ പ്രമുഖ ബിസിനസ്സ് ഗ്രൂപ്പ് ആയ ഗ്രൂപ്പ് മീരാന്റെ ഭാഗമാണ് ഈസ്റ്റേൺ മാട്രസസ് പ്രൈവറ്റ് ലിമിറ്റഡ്.

ആരോഗ്യപ്രദവും സുഖദായകവുമായ ഉറക്കം നൽകുന്ന മെത്തകളുടെ ഒരു മികച്ച നിര തന്നെ ഈ കാലയളവില് സുനിദ്ര ഉപഭോക്താക്കൾക്ക് എത്തിച്ചു കഴിഞ്ഞു. ഈ ശ്രേണിയിലേക്കാണ് 'സിൽക്കി' എത്തുന്നതെന്ന് ഗ്രൂപ്പ് മീരാന് ചെയർമാന് നവാസ് മീരാൻ പറഞ്ഞു. 25 വർഷം ഉപഭോക്താക്കൾ തന്ന സ്നേഹത്തിനും വിശ്വാസത്തിനുമൊപ്പം നിൽക്കാൻ സാധിച്ചുവെന്നാണ് സുനിദ്രയുടെ വിജയമെന്ന് അദ്ദേഹം പറഞ്ഞു. 'സിൽക്കി'യെന്ന പുതിയ ഉൽപ്പന്നവും 'നാടെങ്ങും നിദ്രാഘോഷം' എന്ന ഓഫറും അവതരിപ്പിക്കുന്നത് ഉപഭോക്താക്കള് തന്ന അചഞ്ചലമായ പിന്തുണയുടെ ശക്തിയിലാണ്. മികവിൻറെയും പുതുമയുടെയും വഴിയില് യാത്ര തുടരാന് സുനിദ്രക്ക് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 25 വർഷങ്ങൾ പിന്നിടുന്ന സുനിദ്രയുടെ ഈ ആഘോഷ പരിപാടികളില് ഏറ്റവും പുതിയ മെത്തയായ 'സിൽക്കി' അവതരിപ്പിക്കാന് കഴിഞ്ഞതില് വലിയ അഭിമാനമുണ്ട്. ഗുണനിലവാരത്തിനോടും പുതുമയോടുമുള്ള സുനിദ്രയുടെ പ്രതിജ്ഞാബദ്ധതയുടെ തെളിവ് കൂടിയാണ് പുതിയ ഈ സംരംഭമെന്ന് മാനേജിംഗ് ഡയറക്ടർ ഷെറിന് നവാസ് പറഞ്ഞു.ആഡംബര മെറിനോ വൂള് ഫാബ്രിക്കില് പൊതിഞ്ഞ 7സോണുകളുള്ള പ്രകൃതിദത്ത ലാറ്റക്സും പോക്കറ്റഡ് സ്പ്രിംഗ് മെത്തയെന്നതാണ് 'സിൽക്കി'യുടെ പ്രത്യേകത. 'നാടെങ്ങും നിദ്രാഘോഷം' ഉപഭോക്തൃ ഓഫറിലൂടെ മികച്ച കിഴിവുകളും എക്സ്ക്ലൂസീവ് ഓഫറുകളും സമ്മാനങ്ങളും ഉപഭോക്താക്കൾക്കായി ഈ ഓണക്കാലത്ത് ഒരുക്കിയിട്ടുള്ളത്. ജനങ്ങളിലേക്ക് കൂടുതല് ഇറങ്ങി അവരുടെ താല്പര്യങ്ങളും ഇഷ്ടങ്ങളും മനസിലാക്കി പുതിയ ഉൽപ്പന്നങ്ങള് ഒരുക്കുന്നതിനാണ് സുനിദ്ര ശ്രമിക്കുന്നത്. 25ാം വാർഷികം സുനിദ്രയെ സംബന്ധിച്ചിടത്തോളം സുപ്രധാന നേട്ടമാണ് അത് ഉപഭോക്താക്കൾക്ക് ഒപ്പം ആഘോഷിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് സിഇഒ അനിൽ കുമാര് പറഞ്ഞു

# ട്രെയിൻ ഗതാഗതം: ആവശ്യങ്ങൾ പരിഗണിക്കുമെന്ന് റെയിൽവേ

**തിരുവനന്തപുരം:** ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവേ ഉന്നത അധികൃതർ ഉറപ്പുനൽകി. സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

സംസ്ഥാനസർക്കാരിന്റെ അഭ്യർത്ഥന പ്രകാരം പരശുറാം എക്സ്പ്രസിന് രണ്ട് കോച്ചുകൾ കൂടി അനുവദിച്ചിട്ടുണ്ട്. തിരക്കുള്ള മറ്റു ട്രെയിനുകളിലും ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്ന് ഡിവിഷണൽ റെയിൽവേ മാനേജർ ഡോ. മനീഷ് തപ്ല്യാൽ പറഞ്ഞു. ഷൊർണൂർ കണ്ണൂർ പാസഞ്ചർ കാസർഗോഡ് വരെ നീട്ടുന്ന കാര്യവും പരിഗണിക്കുമെന്നും അദ്ദേഹം അറിയിച്ചു.

അവധിക്കാലങ്ങളിൽ അധിക സർവീസ് ഏർപ്പെടുത്തുന്നതിന് സഹായകമാകുന്ന തരത്തിൽ സംസ്ഥാന സർക്കാർ ഒരു കലണ്ടർ തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിക്കും. ഇതുപ്രകാരം സ്പെഷ്യൽ സർവീസുകൾ നടത്താനും ഈ സർവീസുകൾ സംബന്ധിച്ച് മുൻകൂട്ടി അറിയിപ്പുകൾ നൽകാനും ധാരണയായി. ട്രെയിനുകളിലെ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കാമെന്ന് റെയിൽവേ അറിയിച്ചു. വന്ദേഭാരതിനായി മറ്റു ട്രെയിനുകൾ മണിക്കൂറുകൾ പിടിച്ചിടുന്നത് ഒഴിവാക്കുന്ന കാര്യത്തിൽ പരിശോധിച്ച് നടപടിയെടുക്കും. മലപ്പുറം ജില്ലയിലെ ജനസംഖ്യയും ട്രെയിൻ യാത്രികരുടെ എണ്ണവും പരിഗണിച്ച് രാജധാനി എക്സ്പ്രസിന് ജില്ലയിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം റെയിൽവേ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

ഗതാഗത വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ, കെ ആർ ഡി സി എൽ ഡയറക്ടർ അജിത് കുമാർ വി, പാലക്കാട് എഡിആർഎം കെ അനിൽ കുമാർ, പാലക്കാട് ഡിഒഎം ഗോപു ആർ ഉണ്ണിത്താൻ, തിരുവനന്തപുരം സീനിയർ ഡിഒഎം എ വിജയൻ, തിരുവനന്തപുരം സീനിയർ ഡിസിഎം വൈ സെൽവിൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# സ്കോർപിയോഎൻ ഇസഡ്8 ശ്രേണിയിൽ പുതിയ ഫീച്ചറുകൾ അവതരിപ്പിച്ച് മഹീന്ദ്ര

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്യുവി നിർമാതാക്കളായ മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് സ്കോർപിയോ എൻ ഇസഡ്8 ശ്രേണിയിൽ പുതിയ പ്രീമിയം ഫീച്ചറുകൾ അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യവും സുരക്ഷയും ലഭ്യമാക്കുന്ന തരത്തിലാണ് പുതിയ ഫീച്ചറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.വെൻറിലേറ്റഡ് സീറ്റുകൾ, ഓട്ടോ ഡിമ്മിങ് ഐആർവിഎം, ആക്റ്റീവ് കൂളിങ്ങോടു കൂടിയ വയർലെസ് ചാർജർ, ഹൈഗ്ലോസ് സെൻറർ കൺസോൾ എന്നിവ പുതിയ ഫീച്ചറുകളിൽ ഉൾപ്പെടുന്നു. ഇതോടൊപ്പം മുഴുവൻ ഇസഡ്8 പ്രീമിയം ശ്രേണിയിലും മിഡ്നൈറ്റ് ബ്ലാക്ക് കളർ ഓപ്ഷനും ലഭ്യമാക്കിയിട്ടുണ്ട്.കൂടുതൽ പ്രീമിയം അനുഭവത്തിനായി ഇസഡ്8 എസ്, ഇസഡ്8, ഇസഡ്8 എൽ വേരിയൻറുകളിലാണ് പുതിയ ഫീച്ചറുകൾ അവതരിപ്പിച്ചിരിക്കുന്നത്.




ഇസഡ്8 എസ്, ഇസഡ്8 വേരിയൻറുകളിലാണ് വയർലെസ് ചാർജർ, ഹൈഗ്ലോസ് സെൻറർ കൺസോൾ ഫീച്ചറുകൾ വരുന്നത്. ഇസഡ്8 എൽ വേരിയൻറിൽ വെൻറിലേറ്റഡ് സീറ്റുകൾ, ഓട്ടോ ഡിമ്മിങ് ഐആർവിഎം, ആക്റ്റീവ് കൂളിങ്ങോടു കൂടിയ വയർലെസ് ചാർജർ, ഹൈ ഗ്ലോസ് സെൻറർ കൺസോൾ എന്നീ ഫീച്ചറുകളുണ്ടാവും.